## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *319 — 21.06.2018 ൽ മറുപടിക്ക്

### കരകൗശല മേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. മുകേഷ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീമതി.വീണാ ജോർജ്ജ് | എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കരവിരുത് മാത്രം കൈമുതലാക്കി നിർമ്മിക്കുന്ന കരകൗശല ഉല്പന്നങ്ങളുടെ മേൽ ജി.എസ്.ടി. ഏർപ്പെടുത്തിയത് ഈ മേഖലയെ കൂടുതൽ പ്രതിസന്ധിയിലാക്കിയത് പരിഗണിച്ച് പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; | (എ) ഇരുപത് ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള കരകൗശല ഉൽപ്പന്നങ്ങൾക്ക് ജി.എസ്.റ്റി ബാധകമല്ലാത്തതിനാൽ കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന ചെറിയ യൂണിറ്റുകളെ ജി.എസ്.ടി ബാധിക്കുന്നില്ല. എന്നാൽ ഈ മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങളായ കരകൗശല വികസന കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, സുരഭി എന്നിവ ജി.എസ്.റ്റിയുടെ പരിധിയിൽ വരുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ കാലാകാലങ്ങളിൽ ധനസഹായം അനുവദിച്ചുവരുന്നു. ജി.എസ്.ടി ഏർപ്പെടുത്തിയതിന് പ്രത്യേക സഹായം നൽകുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) കരകൗശല വികസന കോർപ്പറേഷൻ ഈ മേഖലയിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഉല്പന്നങ്ങളുടെ വിപണനത്തിനും ന്യായ വില ഉറപ്പാക്കുന്നതിനും നൽകി വരുന്ന സഹായം എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) കരകൗശല മേഖലയുടെ ഉന്നമനത്തിനായി കരകൗശല വികസന കോർപറേഷൻ ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശല തൊഴിലാളികളിൽ നിന്നും ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ വാങ്ങി വിപണനം ചെയ്യുന്നതിനായി കോർപറേഷനു കീഴിൽ കേരളത്തിൽ വിവിധ സ്ഥലങ്ങളിലും ഡൽഹി, മുബൈ, ചെന്നൈ, കോയമ്പത്തൂർ, ഊട്ടി, ഗോവ, ബാംഗ്ലൂർ എന്നിവിടങ്ങളിലുമായി 19 ഷോറൂമുകൾ നടത്തിവരുന്നു. കരകൗശല തൊഴിലാളികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി കരകൗശല വികസന കോർപറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശില്പ ബസാറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. ഇവയിലൂടെ |

ആർട്ടിസാൻമാരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു. കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ കോർപറേഷൻ വിതരണം ചെയ്യുന്നു. പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതിനുമായി 20 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തി വരുന്നു. പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശല മേഖലയെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് അവെയർനെസ് പ്രോഗ്രാമുകൾ കോർപറേഷൻ സംഘടിപ്പിച്ചു വരുന്നു.

വിവിധ കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന തൊഴിലാളികൾ കേന്ദ്രീകരിക്കുന്ന വ്യത്യസ്ഥ മേഖലകളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനും പ്രസ്തുത മേഖലകളിൽ പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കോർപറേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലത്ത് വെൽമെറ്റൽ ക്ലസ്റ്ററും തൃശ്ശൂർ ജില്ലയിലെ ചേർപ്പിൽ മരാധിഷ്ഠിത കരകൗശല ഉൽപ്പന്നങ്ങളുടെ ക്ലസ്റ്ററും കൊല്ലം ജില്ലയിലെ കടവൂരിൽ സ്ക്രൂപിക്ച്ചർ ക്ലസ്റ്ററും മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ കളിമൺ ക്രാഫ്റ്റ് ക്ലസ്റ്ററും വയനാട് വാഴനാര് ഉല്പന്നങ്ങളുടെ ക്ലസ്റ്ററും സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നു.

(സി) കരകൗശല ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ വിപണി കണ്ടെത്തുന്നതിനും തദ്ദേശീയ മാർക്കറ്റിൽ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും മലബാർ ക്രാഫ്റ്റ്സ് മേള എത്രമാത്രം പ്രയോജനപ്രദമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം മേളകൾ സംഘടിപ്പിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

(സി) കേരളത്തിലെ പരമ്പരാഗത കരകൗശല – കൈത്തറി തൊഴിലാളികൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി ലഭ്യത ഉറപ്പുവരുത്തുന്നതിനും വിദേശ-ഇതര സംസ്ഥാന കരകൗശല കൈത്തറി വിദഗ്ധരുമായി സമ്പർക്കം പുലർത്തി തങ്ങളുടെ ഉൽപ്പന്നങ്ങൾ ദേശീയ അന്തർദേശീയ നിലവാരത്തിലെത്തിക്കാൻ സംസ്ഥാനത്തെ കരകൗശല വിദഗ്ധരെ പ്രാപ്തരാക്കുവാനും മലബാർ ക്രാഫ്റ്റ്സ് മേള ഉപയോഗപ്രദമായി. മേളയിലെ മുഖ്യ ആകർഷണീയത വിദേശ രാജ്യമായ ശ്രീലങ്കയുടെ സാന്നിദ്ധ്യമായിരുന്നു. മേളയിൽ പങ്കെടുത്ത് പ്രസ്തുത രാജ്യത്തിലെ കരകൗശല കലാകാരൻമാർ പരമ്പരാഗത

രീതിയിലുള്ള ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു. മേളയുടെ ഭാഗമായി പരമ്പരാഗത രീതിയിൽ നിർമ്മിച്ച കുടിലുകളിൽ 18 സംസ്ഥാനങ്ങളിൽ നിന്നുള്ള കരകൗശല കലാകാരന്മാർ അവരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിച്ചു.

സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള കരകൗശല-കൈത്തറി വിദഗ്ധർ മേളയിൽ പങ്കെടുത്തു. പത്തനംതിട്ട ജില്ലയിൽ നിന്നുള്ള ആറന്മുള കണ്ണാടി, ശിൽപ്പങ്ങൾ എന്നിവയും തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള കളിമണ്ണ്, മുള, തടി ഉൽപ്പന്നങ്ങൾ എന്നിവയും കൊല്ലം ജില്ലയിൽ നിന്നുള്ള ഉല്പന്നങ്ങളും ആലപ്പുഴ ജില്ലയിൽ നിന്നുള്ള തടി, വാഴനാര്, ചിരട്ട ഉൽപ്പന്നങ്ങൾ എന്നിവയും കോട്ടയം ജില്ലയിൽ നിന്നുള്ള ആഭരണങ്ങളും എറണാകുളം ജില്ലയിൽ നിന്നുള്ള മുള ഉൽപ്പന്നങ്ങളും തൃശ്ശൂർ ജില്ലിയിൽ നിന്നുള്ള കരകൗശല വസ്തുക്കളും പാലക്കാട് ജില്ലയിൽ നിന്നുള്ള വൈക്കോൽ, അലങ്കാര വസ്തുക്കളും മലപ്പുറം ജില്ലയിൽ നിന്നുള്ള മ്യൂറൽ പെയിന്റിംഗ്, കട്ട് ഗ്ലാസ്സ് മ്യൂറൽസ്, ചിരട്ടയും മുളയും കൊണ്ടുള്ള ഉൽപ്പന്നങ്ങളും കോഴിക്കോട് ജില്ലിയിൽ നിന്നുള്ള ടെറാക്കോട്ട ഉൽപ്പന്നങ്ങളും വയനാട് ജില്ലയിൽ നിന്നുള്ള മുള, കളിമൺ ശിൽപ്പങ്ങളും കണ്ണൂർ ജില്ലയിൽ നിന്നുള്ള കൈത്തറി ഉൽപ്പന്നങ്ങളും കാസർഗോഡ് ജില്ലിയിൽ നിന്നുള്ള ചൂരൽ ഉൽപ്പന്നങ്ങളും മേളയുടെ പ്രധാന ആകർഷകങ്ങളായിരുന്നു. ഏകദേശം പന്ത്രണ്ടര ലക്ഷത്തോളം ആളുകൾ മേള സന്ദർശിച്ചതായും നാലേകാൽ കോടിയോളം രൂപയുടെ വിൽപ്പന നടന്നതായും കണക്കാക്കുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം മേളകൾ അതാത് സർക്കാരുകൾക്ക് സംഘടിപ്പി ക്കാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ